## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശുവിൽ വിശ്വസിക്കുന്നവന്റെ ഉള്ളം ആ ജലത്താൽ നിറയപ്പെടും എന്നു മാത്രമല്ല, നിറഞ്ഞു കവിയുന്ന അനുഭവവും ഉണ്ടാകും. എത്രയോ ശ്രേഷ്ഠമായ അനുഭവം. ആ ജലത്തിന്റെ അടുത്തേക്ക് നല്ല ഇടയനായ യേശുവിന്റെ ആടുകളെ നയിക്കുന്നു. യേശു പറഞ്ഞതും മനുഷ്യന്റെ ആത്മീയദാഹശമനം വരുത്തുവാൻ പര്യാപ്തമായ ഈ ജലം ദൈവത്തിന്റെ ആത്മാവു തന്നെയാണ്. യേശു ഇതേപ്പററി പറയുമ്പോൾ, ആത്മാവ് അതിന്റേതായ നിലയിൽ വന്നിരുന്നില്ല. കാരണം അവൻ അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായിരുന്നു. യേശു തേജസ്ക്കരിക്കപ്പെട്ട ശേഷം ഭൂമിയിലേക്കു വരേണ്ടിയിരുന്നതും വിശ്വസിക്കുന്നവർക്ക് ലഭിക്കാതിരുന്നതുമായ ആത്മാവിനെ കുറിച്ചാണ് നല്ല ഇടയനായ യേശു അന്നു പറഞ്ഞത്. തേജസ്ക്കരിക്കപ്പെട്ടത് അവൻ ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേററ് സ്വർഗ്ഗരോഹണം ചെയ്തതോടുകൂടെ ആയിരുന്നല്ലോ. അങ്ങനെ അവൻ സ്വർഗ്ഗരോഹണം ചെയ്തശേഷം അഥവാ യേശു തേജസ്ക്കരിക്കപ്പെട്ട ശേഷം വന്നവനായ ആത്മാവിന്റെ അനുഭവം എന്താകുന്നുവെന്ന് വചനം വ്യക്തമായി പ്രസ്താവിക്കുന്നു. ഇത് സംബന്ധിച്ച് യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ – പരിശുദ്ധാത്മാവ് – നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. വിശുദ്ധ യോഹന്നാൻ 16:7.'ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറെറാരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും. വിശുദ്ധ യോഹന്നാൻ 14:16. നമ്മുടെ നല്ല ഇടയനായ യേശു തന്നെയാണ് ഈ ആത്മജലം കണ്ടുപിടിച്ചതെന്നും അവൻ തന്നെയാണ് ഇതിനെ തന്റെ ആടുകൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയും അവയെ അതിന്റെ അടുക്കലേക്ക് നയിക്കുകയും ചെയ്യുന്നതെന്നും ഇതിൽ വ്യക്തമാണ്. യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നത് തന്റെ ആടുകൾക്ക് പ്രയോജനമാണെന്ന് യേശു പറഞ്ഞു. കാൽവറിയിൽ താൻ തന്റെ ആടുകൾക്കായി ജീവനെ മറുവിലയായി ഏല്പിച്ചു നേടിയ നിത്യജീവന്റെയും വീണ്ടെടുപ്പിന്റെയും അനുഭവത്തിൽ നിന്നും വ്യത്യസ്തമായ ഒരനുഭവമാണ്. തന്റെ സർഗ്ഗാരോഹണത്താലും തദ്വാരായുള്ള മഹത്വീകരണത്താലും അവൻ തന്റെ അത് ആടുകൾക്കുവേണ്ടി നേടിയത്. തന്റെ ആടുകൾക്ക് ഒരിക്കലും ക്ഷീണമോ തളർച്ചയോ ഉണ്ടാകാതെ ഉറച്ച് നിന്ന് ജീവിക്കുക മാത്രമല്ല, പ്രവൃത്തിക്കുകയും കൂടി ചെയ്യേണ്ടതിന് ആവശ്യമായ ജലം പ്രദാനം ചെയ്യുക എന്നതായിരുന്നു അത്.

തുടരും....